**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1533** **05/02/2019- ൽ മറുപടിയ്ക്ക്**

## നിരോധിത കീടനാശിനികളുടെ ഉപയോഗം

| ചോദ്യം<br>ശ്രീമതി പി. ഐഷാ പോറ്റി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കൃഷിയിടങ്ങളിലും തോപ്പുകളിലും നിരോധിത കീടനാശിനി ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിരോധിത കീടനാശിനികൾ കൃഷിക്ക് ഉപയോഗിക്കുന്നത് കണ്ടെത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിൽ അവലംബിക്കുന്നത്; വിശദമാക്കാമോ; | (ബി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ/ കൃഷി ശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ. മാസവും അതാത് പ്രദേശത്ത് ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ച് വരുന്നു. പരിശോധനയ്ക്കെടുത്ത സാമ്പിളുകൾ നിഷ്കർഷിച്ച ഗുണനിലവാര മാനദണ്ഡപ്രകാരമല്ല എന്ന് കണ്ടെത്തിയാൽ ഉല്പാദകർക്കെതിരെയും, വിതരണക്കാർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കാൻ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം വ്യവസ്ഥയുണ്ട്. |
| (സി) നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്നത് ക്രിമിനൽ കുറ്റമാക്കുന്നതിന് നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) നിരോധിക്കപ്പെട്ട കീടനാശിനികൾ കർഷകർ ഉപയോഗിച്ചാൽ ശിക്ഷിക്കാൻ നിലവിൽ നിയമസംവിധാനങ്ങളൊന്നുമില്ല. നിയമ നിർമ്മാണം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**